# കർഷക പെൻഷൻ

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം
29.01.2009

കൃഷിക്കാർക്ക് പെൻഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് കിസാൻ അഭിമാൻ പദ്ധതി എന്ന പേരിൽ ബൃഹത്തായ ഒരു പദ്ധതി നടപ്പാക്കുമെന്ന് നടപ്പ് വർഷത്തെ ബജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. അതിനായി ആദ്യഗഡുവായി ഒരു കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ചെയ്തു. ബുധനാഴ്ച ചേർന്ന മന്ത്രിസഭായോഗം കിസാൻ അഭിമാൻ പദ്ധതിക്ക് അംഗീകാരം നൽകി. കാർഷികരംഗത്ത് വമ്പിച്ച മുന്നേറ്റ മുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ രണ്ടരക്കൊല്ലമായി നടപ്പാക്കിവരുന്ന വൈവിധ്യമാർന്ന പദ്ധതികളിൽ വലിയൊരു ചുവടുവെപ്പാണ് കർഷക പെൻഷൻ പദ്ധതി.

സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളെയും ഏതെങ്കിലുമൊരു ക്ഷേമപദ്ധതിയുടെ പരിധിയിൽ കൊണ്ടുവരികയും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അർഹരാക്കുകയും ചെയ്യുക എന്നുള്ളതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയം. കർഷകത്തൊഴിലാളി പെൻഷൻ പദ്ധതിയിലൂടെ രണ്ട് പതിറ്റാണ്ടിലേറെ മുമ്പ് ആരംഭിച്ചതാണ് ക്ഷേമപെൻഷൻ പദ്ധതികൾ. അക്കാര്യത്തിൽ ഇക്കഴിഞ്ഞ രണ്ടര വർഷം കൊണ്ട് വലിയ മുന്നേറ്റമുണ്ടാക്കാനായി. രണ്ട് കൊല്ലത്തിലേറെയായി കുടിശ്ശികയായിരുന്ന പെൻഷൻ തുക കൊടുത്തുതീർക്കുകയും കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെ എല്ലാ ക്ഷേമപെൻഷനുകളും ഇരുനൂറ് രൂപയായി ഒറ്റയടിക്ക് വർധിപ്പിക്കുകയും ചെയ്തു. ക്ഷീരകർഷക പെൻഷൻ, പത്ത് ലക്ഷത്തോളം വരുന്ന അസംഘടിതമേഖലയിലെ തൊഴിലാളികൾക്കുള്ള പെൻഷൻ, രണ്ട് ലക്ഷത്തോളം പേർക്ക് ബാധകമായ ചെറുകിട തോട്ടംതൊഴിലാളി പെൻഷൻ എന്നിവയെല്ലാം നടപ്പാക്കി. അതിനു പുറമെ പ്രവാസികൾക്കായി അതിബൃഹത്തായ ഒരു ക്ഷേമനിധി പദ്ധതിക്കുള്ള നിയമം പാസ്സാക്കി. ലോകത്തുതന്നെ ഇത്തരമൊരു പദ്ധതി നടാടെയാണ്. മറ്റു രാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും തൊഴിലെടുത്ത് ജീവിക്കുന്നവരും അവിടങ്ങളിൽനിന്ന് തിരിച്ചുവരുന്നവരുമായ ദശലക്ഷക്കണക്കിനാളുകളെ ഉൾക്കൊള്ളുന്നതാണ് പ്രവാസി മലയാളി ക്ഷേമനിധി പദ്ധതി.

അതിന്റെ തുടർച്ചയായാണ് കിസാൻ അഭിമാൻ പദ്ധതി നടപ്പാക്കുന്നത്. മറ്റെല്ലാ വിഭാഗങ്ങളും ഏതെങ്കിലും ക്ഷേമപദ്ധതിയുടെ പരിധിയിൽ വരുമ്പോഴും കൃഷിക്കാർ അതിന് പുറത്തായിരുന്നു. ചേറിലും ചെളിയിലും പകലന്തിയോളം പണിയെടുത്ത് നമ്മെ ഊട്ടുന്നവരാണ് കൃഷിക്കാർ. നമ്മുടെ മണ്ണിനെ കാത്തുരക്ഷിക്കുന്നവർ, മണ്ണിനെ പുഷ്ടിപ്പെടുത്തുന്നവർ, അന്നദാതാക്കൾ. അവർക്ക് ജീവിതസായന്തനത്തിൽ ചെറിയൊരു സാന്ത്വനം - അതാണ് കിസാൻ അഭിമാൻ പദ്ധതി.

കാർഷികവൃത്തി ചെയ്യുകയും മുഖ്യമായും കൃഷികൊണ്ട് ഉപജീവനം കഴിക്കുന്നവരുമായവരെയാണ് കിസാൻ അഭിമാൻ പദ്ധതി ലക്ഷ്യമിടുന്നത്. ഒറ്റയടിക്ക് നടപ്പാക്കാൻ കഴിയുന്ന പദ്ധതിയല്ലിത്. ഘട്ടംഘട്ടമായി പൂർണ്ണതയിലെത്തുന്ന, മുഴുവൻ മുഴുവൻസമയ കൃഷിക്കാരെയും ഉൾക്കൊള്ളുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഭക്ഷ്യോല്പാദനരംഗത്ത് പ്രവർത്തിക്കുന്ന, അതായത് നെൽകൃഷിമേഖലയിൽ പ്രവർത്തിക്കുന്നവർക്കാണ് അംഗത്വം നൽകുക. ഈ വർഷം പതിനായിരം കൃഷിക്കാരെയാണംഗമാക്കുക. മറ്റ് ക്ഷേമ പദ്ധതിയിൽ അംഗമല്ലാത്ത പതിനായിരം കൃഷിക്കാർക്ക് പ്രതിമാസം മുന്നൂറ് രൂപ പെൻഷനാണനുവദിക്കുക. ഈ പദ്ധതിയിൽ അംഗങ്ങളായവരുടെ മകൾക്ക് വിവാഹ സഹായമായി കാൽലക്ഷം രൂപ, മക്കളുടെ വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് തുടങ്ങിയവയെല്ലാം കിസാൻ അഭിമാൻ പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്. വരുമാനമുൾപ്പെടെയുള്ള മാനദണ്ഡങ്ങൾ ആധാരമാക്കിയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക. പത്ത് വർഷമെങ്കിലും കാർഷികമേഖലയിൽ മുഴുവൻ സമയം പ്രവർത്തിച്ചവർക്ക് അംഗത്വം നൽകുന്ന ക്ഷേമനിധിയിൽ പെൻഷൻ അറുപത് വയസ്സ് കഴിഞ്ഞാലാണ് നൽകുക. അംഗം മരിച്ചാൽ ഭർത്താവിന്/ഭാര്യക്ക് കുടുംബപെൻഷന് അർഹതയുണ്ടാവും. അംഗങ്ങളിൽനിന്ന് പ്രതിമാസ അംശദായം ഈടാക്കും. ആദ്യം നെൽകൃഷിക്കാർക്ക് മാത്രമാണ് അംഗത്വം നൽകുകയെങ്കിലും പദ്ധതി പൂർണതയിലാവുന്നതോടെ എല്ലാ കൃഷിക്കാരെയും ഉൾക്കൊള്ളാനാകും. സർക്കാർ നൽകുന്ന തുകക്ക് പുറമെ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാക്കാവുന്ന ഗ്രാന്റ്, സംഭാവനകൾ എന്നിവയെല്ലാം ഉപയോഗപ്പെടുത്തി അമ്പത് കോടി രൂപയുടെ ഒരു കോർപ്പസ് ഫണ്ട് ഈ പെൻഷൻ പദ്ധതിക്കായി ഉണ്ടാക്കാൻ കഴിയണമെന്നാണ് ധാരണ. അംഗങ്ങളിൽ നിന്ന് പ്രതിമാസം 25 രൂപ അംശദായമായി ഈടാക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. കൃഷിക്കാർക്ക്വേണ്ടി മുഴുവൻ പ്രീമിയം തുകയും സർക്കാർ അടച്ചുകൊണ്ട് കിസാൻശ്രീ ഇൻഷുറൻസ് പദ്ധതി ആരംഭിച്ചത് കഴിഞ്ഞ വർഷമാണ്. നെൽകൃഷിക്ക് വിള ഇൻഷുറൻസ് പദ്ധതിയും നടപ്പാക്കി. ഒരു ഹെക്ടർ നെൽകൃഷിക്ക് നൂറ് രൂപ അടച്ചാൽ ഈ പദ്ധതിയിൽ ചേരാം. വെള്ളം കയറിയോ വരൾച്ചകൊണ്ടോ, മുഞ്ഞപോലെയുള്ള രോഗം ബാധിച്ചോ, കൃഷിനാശമുണ്ടായാൽ ഹെക്ടറിന് പന്തീരായിരം രൂപവരെ നഷ്ടപരിഹാരം നൽകുന്ന പദ്ധതിയാണിത്.

നെൽകൃഷി ചെയ്യുന്നതിന് പൂർണമായും പലിശരഹിതമായ വായ്പാപദ്ധതിയും നടപ്പാക്കി. നെല്ലിന്റെ സംഭരണം കാര്യക്ഷമമാക്കുകയും കിലോവിന് ഏഴുരൂപയായിരുന്ന സംഭരണവില രണ്ട് കൊല്ലംകൊണ്ട് പതിനൊന്ന് രൂപയായി വർധിപ്പിക്കുകയും ചെയ്തു. കടാശ്വാസം ഉൾപ്പെടെ കൃഷിക്കാരെ രക്ഷിക്കുന്നതിന് നടപ്പാക്കിയ അടിസ്ഥാന നടപടികൾക്ക് പുറമെയാണിത്. ഈ നടപടികളിലൂടെ കാർഷികമേഖലയിൽ, പ്രത്യേകിച്ച് നെൽകൃഷി മേഖലയിൽ നവോന്മേഷം സൃഷ്ടിക്കാൻ കഴിഞ്ഞു. നെല്ലുല്പാദനത്തിൽ വർധനയുണ്ടായി. നെൽകൃഷി മേഖലയിൽനിന്നും കൃഷിക്കാർ പിൻവാങ്ങുന്ന സ്ഥിതി അവസാനിച്ചു. അതോടൊപ്പംതന്നെ നെൽപ്പാടങ്ങളും നീർത്തടങ്ങളും നികത്തുന്നത് തടയാൻ നിയമംകൊണ്ടു വന്നു. 1313 കോടി രൂപ ചെലവിൽ സമഗ്രമായ ഭക്ഷ്യോല്പാദന വർധനാ കർമപദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നു. എല്ലാ ഗ്രാമത്തിലും തരിശുനിലങ്ങളിൽ കൂട്ടുകൃഷിയുടെ ഉത്സാഹം ദൃശ്യമാണിപ്പോൾ.

കേരളത്തിന്റെ സമഗ്രപുരോഗതിക്ക് കാർഷിക - വ്യവസായ ഉല്പാദന വളർച്ച അനിവാര്യമാണ്. അതിനുള്ള സുചിന്തിതവും സുദൃഢവുമായ നടപടികളാണ് മുകളിൽ വിവരിച്ചത്.

കൃഷിക്കാരുടെ വരുമാനം വർധിപ്പിക്കുക, ജീവിതസുരക്ഷിതത്വം ഉറപ്പ് വരുത്തുക, അഭിമാനം വളർത്തുക എന്നത് നാടിന്റെയാകെ കർത്തവ്യമാണ്. അങ്ങനെയേ കൃഷിക്കാരെ ആ രംഗത്ത് ഉറപ്പിച്ച് നിർത്താനാവൂ, കൂടുതൽ കൂടുതൽ പേരെ ആ രംഗത്തേക്ക് ആകർഷിക്കാനാകൂ.

ബുധനാഴ്ചത്തെ മന്ത്രിസഭായോഗത്തിന്റെ മറ്റൊരു തീരുമാനം ഇതിന്റെ അനുബന്ധമാണ്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം വർധിപ്പിക്കുന്നതിനും ക്ഷീരകൃഷിക്കാർക്ക് വരുമാനവർധന ഉറപ്പാക്കിക്കൊണ്ട് മിൽമയുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിനുമായി മൂർത്തമായ നിർദേശങ്ങൾ സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഭക്ഷ്യോല്പാദന വർധനക്കുള്ള കർമപദ്ധതിയിൽ നാം ലക്ഷ്യമിടുന്നത് നെല്ലുല്പാദനം 50 ശതമാനമെങ്കിലും വർധിപ്പിക്കുകയും, പച്ചക്കറി, പാൽ, മുട്ട, മാംസം എന്നിവയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയുമാണ്. പച്ചക്കറി ഉല്പാദനം വർധിപ്പിക്കാൻ ആവിഷ്ക്കരിച്ച 'ആയിരം പച്ചക്കറി ഗ്രാമം' പദ്ധതി നല്ല നിലയിൽ മുന്നോട്ടു പോകുന്നു. ഈ പദ്ധതികളെല്ലാം വിജയിപ്പിക്കാൻ എല്ലാ വിഭാഗം ജനങ്ങളുടെയും ആത്മാർത്ഥമായ സഹകരണം ആവശ്യമാണ്.